ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: സർ, ഇതുവരെ നടന്നിട്ടുള്ള ഈ വിഷമദ്യ ദുരന്തങ്ങളിൽ ഒന്നുംതന്നെ കള്ള് കുടിച്ചിട്ടല്ല മരിച്ചിട്ടുള്ളത്, രാജ്യത്ത് ഇതുവരെ കള്ള് കുടിച്ചിട്ട് ആരും മരിച്ചിട്ടില്ല. ചാരായം ഇന്ന് ഇവിടെ ഇപ്പോൾ ഇല്ല. ഇനിയെങ്കിലും ഈ സ്പിരിറ്റ് ഇവിടെ എത്തുന്നത് എങ്ങനെയാണ്, ആരാണ് എത്തിച്ചു കൊടുക്കുന്നത് എന്നുള്ളത് അന്വേഷിച്ച്, ഇന്നും അധികാരത്തിന്റെ ഇടനാഴിയിൽ പതുങ്ങിയും പാത്തും ഇരിക്കുന്ന വൻതോക്കുകളെ കണ്ടെത്തി നടപടി എടുക്കണം. ഇനിയെങ്കിലും ഈ അന്വേഷണ കമ്മീഷന്റെ പരിധിയിൽ, സ്പിരിറ്റ് എവിടെനിന്ന് എത്തിച്ചുകൊടുക്കുന്നു എന്നുള്ളതിനെ കുറിച്ചുകൂടി അന്വേഷിച്ചു കണ്ടുപിടിക്കുന്നതിന് ഒരു വ്യവസ്ഥ ടേംസ് ഓഫ് റഫറൻസിൽ ഉൾക്കൊള്ളിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. കെ. ശങ്കരനാരായണൻ: സർ, സ്പിരിറ്റ് കടത്തുന്ന വൻതോക്കുകളിൽ മുമ്പും കുറേയാളുകളെ പിടിച്ചിട്ടുണ്ട്. ഇപ്പോൾ കുറേ തോക്കുകൾ ഉണ്ട്. ഈ തോക്കുകളെ പിടിക്കാൻവേണ്ടി പരിശ്രമം നടത്തുന്നതാണ്.

IV. സബ്മിഷൻ

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷനുള്ള നോട്ടീസ് തലേ ദിവസം തരണം. ഇപ്പോൾ മന്ത്രിമാർ പറയുന്നത് 48 മണിക്കൂറിനു മുമ്പേ നോട്ടീസ് വേണമെന്നാണ്,' അതില്ലെങ്കിലും ഒരു 24 മണിക്കൂർ എങ്കിലും മുമ്പേ നോട്ടീസ് കൊടുത്താൽ വിവരം കളക്ട് ചെയ്യാൻ എളുപ്പമായിരിക്കും.

(1) കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ വിദ്യാർത്ഥികൾക്ക് ക്ളിനിക്കൽ പ്രാക്ടീസ് സൗകര്യം ഏർപ്പെടുത്തുന്നത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ആയിക്കൊള്ളട്ടെ. അത് ചെയ്യാം.

സർ, കൊച്ചി സഹകരണ മെഡിക്കൽ കോളേജിലെ ഒരു പ്രതിസന്ധിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. പ്രതിസന്ധി എന്നു പറയുന്നത് മെഡിക്കൽ സ്റ്റുഡൻസിന് ക്ളിനിക്കൽ പ്രാക്ടീസ് നടത്തുന്നതിനുള്ള യാതൊരു സൗകര്യവും ഇവിടെയില്ല എന്നതാണ്. എറണാകുളം മെഡിക്കൽ ട്രസ്റ്റിന്റെ ഡിസ്ട്രിക്ട് ആശുപത്രിയിലെ ഒരു വാർഡാണ് ക്ളിനിക്കൽ പ്രാക്ടീസിനുവേണ്ടി അവർക്ക് കൊടുത്തിട്ടുള്ളത്. അവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്നില്ല. അതിന്റെ ഫലമായിട്ട് കുട്ടികൾക്ക് ക്ളിനിക്കൽ പ്രാക്ടീസ് നടത്താനുള്ള സൗകര്യമില്ല. അവരുടെ ഭാവി വളരെയധികം കുഴപ്പത്തിലാകുന്ന സ്ഥിതിയാണ് ഇന്ന് നില നിൽക്കുന്നത്. ആലപ്പുഴയും തൃശ്ശൂരും എല്ലാം മെഡിക്കൽ കോളേജ് അനുവദിച്ചപ്പോൾ അവിടെയുള്ള ഡിസ്ട്രിക്ട് ആശുപത്രി അപ്പാടെതന്നെ ഇതിന് ഉപയോഗിക്കത്തക്കതരത്തിൽ ഇപ്പോഴും അത് തുടർന്നുകൊണ്ടിരിക്കുകയാണ്. അതിൽനിന്ന് വ്യത്യസ്തമായിട്ട് എറണാകുളം ജില്ലാ ആശുപത്രി ഈ ആവശ്യത്തിന് വിട്ടുകൊടുക്കാത്തത് എന്താണെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കീഴിൽ എറണാകുളം ജില്ലാ ആശുപത്രിയേയും കൊണ്ടുവന്നാൽ ആ കുട്ടികളുടെ ഭാവി ഇരുൾ അടഞ്ഞതായിത്തീരില്ല; ഈ തരത്തിലുള്ള തടസ്സം ഒഴിവാക്കി കിട്ടുകയും ചെയ്യും. ഞാൻ അന്വേഷിച്ചപ്പോൾ, അവിടെ ഭരണ കക്ഷിയുമായി അടുപ്പമുള്ള ഏതോ ഒരു ഡോക്ടർ ഇതിന് കർക്കശമായി തടസ്സം സൃഷ്ടിക്കുന്നു എന്നുള്ളതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാർക്ക് —

LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കലും സഹകരണവും മന്ത്രിമാർക്ക് അതിനെ നേരിടാൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ് എന്നാണ് അറിഞ്ഞത്. അത് തെറ്റാകട്ടെ എന്നാണ് ഞാൻ കരുതുന്നത്. ഏതായാലും തടസ്സം നിൽക്കുന്നതിന് എതിരെ അടിയന്തിരമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ഇതിനെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശൻ ഒരു സബ്മിഷൻ തന്നു, 21-ാം തീയതി കൊടുത്തിരുന്നതുമാണ്. പക്ഷെ അത് ഇപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് കാലത്ത് തന്നപ്പോൾ അതങ്ങ് അനുവദിച്ചു. ഇത് ശ്രദ്ധിച്ചില്ല.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ശ്രീ. വി. ഡി. സതീശന്റെ 21-ാം തീയതിയിലെ സബ്മിഷൻ ഉണ്ട്. ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞത് ശരിയാണ്, ഒരു പ്രതിസന്ധിയുണ്ട്, ആ പ്രതിസന്ധി പരിഹരിക്കുന്നതിന് പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ മെഡിക്കൽ കോളേജ് ആരംഭിക്കുമ്പോൾത്തന്നെ ജില്ലാ ആശുപത്രിയിൽ ക്ളിനിക്കൽ സൗകര്യം ഏർപ്പെടുത്തേണ്ടതായിരുന്നു. പിന്നെ ഇപ്പോൾ മെഡിക്കൽ കൗൺസിൽ, ക്ളിനിക്കൽ സൗകര്യം പോരാ, എന്നു പറഞ്ഞപ്പോൾ 209 ബെഡ് ജനറൽ ആശുപത്രിയിൽ നിന്ന് നമ്മൾത്തന്നെ എടുത്തു. അതിനുതന്നെ ഡോക്ടർമാർ സമരമാണ്. ആ സമരം എന്തിനാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. പ്രൈവറ്റ് പ്രാക്ടീസ് നടത്തി ഗവൺമന്റ് ആശുപത്രി ഉപയോഗിക്കുന്ന സ്ഥാപിത താൽപ്പര്യമാണ് അതിന്റെ പിന്നിലുള്ളത്. പ്രതിപക്ഷ നേതാവ് അത് ഭരണകക്ഷിയിലെ ഡോക്ടർ എന്നാണ് പറഞ്ഞത്. ഏത് കക്ഷിയിലേത് ആയാലുംശരി ഗവൺമെന്റ് അതിന് അനുകൂലമൊന്നുമല്ല. ഏത് കക്ഷിയെന്നൊന്നും അറിയില്ല. 250 ബെഡ് ഉള്ള ഒരു ആശുപത്രിയിലെ സൗകര്യം ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. പത്തിരുപത്തിയഞ്ചു ലക്ഷം രൂപ ചെലവാക്കി ഓപ്പറേഷൻ തിയേറ്റർ അവിടെ നിർമ്മിച്ചിട്ടുണ്ട്. ഐ.എം.സി.-യുടെ ഒരു പ്രതിനിധി ഇൻസ്പെക്ഷനുവേണ്ടി കഴിഞ്ഞ മെയ് അഞ്ച്, ആറ് തീയതികളിൽ വന്നു. ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. ഇപ്പോൾ സൗകര്യമില്ലെന്ന് പറയുന്നതിൽ വലിയ അർത്ഥമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. പിന്നെ ഇന്ദിരാജി ആശുപത്രി, ആദ്യംതന്നെയുള്ളത്, ഇപ്പോൾ ഉപയോഗിക്കുന്നുണ്ട്. എങ്കിലും മൂന്നാമത്തെ വർഷത്തേക്കുള്ള പൂർണ്ണമായ സൗകര്യം ആയില്ല എന്നുള്ളതാണ് മെഡിക്കൽ കൗൺസിലിന്റെ അഭിപ്രായമെന്നാണ് തോന്നുന്നത്. സർ, മെഡിക്കൽ കോളേജ് തുടങ്ങുമ്പോൾത്തന്നെ അതിനെ സംബന്ധിച്ച് വേണ്ടത്ര ഗ്രാഹ്യമില്ലാതെ ചെയ്തതു കാരണം ഉണ്ടായ ബുദ്ധിമുട്ടുകളുണ്ട്. ഈ ഗവൺമെന്റ് വന്നപ്പോൾ അവിടെ പോയി നോക്കുമ്പോൾ അവിടെയുള്ളത് ഗവൺമെന്റ് കൊടുത്ത ആ ഭൂമി മാത്രമായിരുന്നു. യു. പി. കൺസ്ട്രക്ഷൻ കോർപ്പറേഷന് നിർമ്മാണ ചുമതല കരാർ കൊടുത്തുവെങ്കിലും മൊബിലൈസേഷൻ അഡ്വാൻസ് കിട്ടിയില്ല എന്നുള്ളതിന്റെ പേരിൽ അവർ പ്രവൃത്തി നടത്തിയില്ല. അവർ പ്രവൃത്തി നടത്താത്ത സാഹചര്യത്തിൽ കോൺട്രാക്റ്റ് ടെർമിനേറ്റ് ചെയ്തു. ലോക്കൽ കോൺട്രക്ടർമാർക്ക് വർക്ക് മൂന്നായിട്ട് ഭാഗിച്ച് കൊടുത്തു കഴിഞ്ഞിട്ടുണ്ട്. ഒരു കൊല്ലം ഒന്നര കൊല്ലം എന്ന് രണ്ടു വിധത്തിൽ ആണ് കൊടുത്തത്. ഏതാണ്ട് ഡിസംബർ മാസം ആകുമ്പോൾ മൂന്ന് കെട്ടിടത്തിന്റെ പണി തീരും. അതുപോലെ ജനുവരി ആകുമ്പോൾ മറ്റേതും തീർക്കാമെന്ന് അവർ പറയുന്നുണ്ട്. അങ്ങനെ വന്നാൽ പ്രശ്നം പരിഹരിക്കാൻ കഴിയും. ഇപ്പോൾ ഒരു ഹെൽത്ത് സെന്റർ പെട്ടെന്ന് നിർമ്മിച്ച് അതിന്റെ ഉൽഘാടനം നടത്തിയിട്ടുണ്ട്. പണത്തിന്റെ ദൗർലഭ്യം ഉണ്ട്. ഈ മെഡിക്കൽ

LIBRARY ARCHIVES Kerala Legislative Assembly

കോളേജ് കോ-ഓപ്പറേറ്റീവ് എന്നു പറഞ്ഞാൽ ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്യണം. മുഖ്യമന്ത്രി ചെയർമാനും കോ-ഓപ്പറേറ്റീവ് മിനിസ്റ്റർ വൈസ് ചെയർമാനും ആയിട്ടുള്ളതാണ് ഈ സഹകരണ മെഡിക്കൽ കോളേജ്. അതിന് വേറെ വരവില്ല. എൻ.ആർ.ഐ. സീറ്റ് കിട്ടുന്നതിനുവേണ്ടിയാണ്. ചാരിറ്റബിൾ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തത് തെറ്റല്ല. കോ-ഓപ്പറേറ്റീവ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തതല്ല. അതുകൊണ്ട് ആ വിധത്തിലുള്ള ബുദ്ധിമുട്ട് ഉണ്ട്. 700 കോടി രൂപ ട്രഷറിയിൽ അടച്ചാൽ അതിന്റെ 25 ശതമാനം ഫ്രീയായിട്ട് മെഡിക്കൽ കോളേജിന് കൊടുക്കുന്നതാണ്. അങ്ങനെ വന്നാൽ 180 കോടി കിട്ടും. മുന്നൂറ്റി ചില്ലാനം കോടിയേ ട്രഷറിയിൽ അടച്ചുള്ളു. ഒരു പൈസ പോലും കഴിഞ്ഞ ഗവൺമെന്റ് കൊടുത്തില്ല. ഈ ഗവൺമെന്റ് വന്നശേഷം കഴിഞ്ഞ വർഷം അഞ്ചു കോടി രൂപ കൊടുത്തു. ഈ വർഷം പത്തു കോടി രൂപയും കൊടുത്തിട്ടുണ്ട്. ശോച്യാവസ്ഥയാണ് എങ്കിലും കോ-ഓപ്പറേറ്റീവ് ബാങ്കുകളേയും സർപ്ലസ് ഫണ്ട് ഉള്ള ബാങ്കുകളേയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു കൺസോർഷ്യം ഉണ്ടാക്കി 150 കോടി രൂപ കടമെടുത്തു മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കാനാണ് ശ്രമിക്കുന്നത്.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: മുൻ ഗവൺമെന്റ് 50 കോടി രൂപ കടമെടുത്തിരുന്നു. അത് പരിയാരത്തേക്ക് മാറ്റിയെന്നും ഒരു ആക്ഷേപം ഉണ്ടായിട്ടുണ്ട്. ശരിയാണോയെന്നൊന്നും അറിയില്ല.

ശ്രീ. എം. വി. രാഘവൻ: പ്രതിപക്ഷ നേതാവിനേപ്പോലുള്ള ഒരാളോട് ഇമ്മാതിരി ലോക വിഡ്ഢിത്തം ആരാണ് പറഞ്ഞുകൊടുക്കുന്നത് എന്ന് എനിക്ക് മനസ്സിലാകുന്നില്ല. അൻപത് കോടി രൂപ പോയിട്ട് അൻപത് പൈസയെടുത്ത് പരിയാരത്തിന് കൊടുത്തിട്ടില്ല.

(2) കണ്ടുകെട്ടിയ സ്പിരിറ്റ് വില കുറച്ചു വിൽക്കാനുള്ള തീരുമാനം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ജൂൺ മാസം ഒടുവിൽ സംസ്ഥാന ഗവൺമെന്റ് ഒരു പത്രപ്പരസ്യം നൽകി, തലസ്ഥാന വാർത്തകൾ എന്നുള്ള നിലയിൽ, സർക്കാർ കണ്ടു കെട്ടി എക്സൈസ് ഓഫീസുകളിൽ സൂക്ഷിച്ചിരിക്കുന്ന സ്പിരിറ്റ് ലിറ്റർ ഒന്നിന് 10 രൂപ ക്രമത്തിൽ ഡിസ്റ്റിലറികൾക്കും, ഫാർമസ്യൂട്ടിക്കലുകൾക്കും, ബ്ലെണ്ടിംഗ് യൂണിറ്റുകൾക്കും കൂടാതെ സ്പിരിറ്റ് അസംസ്കൃതവസ്തുവായി പ്രവർത്തിക്കുന്ന വ്യവസായശാലകൾക്കും നൽകുന്നതിനുള്ള ഒരു ഉത്തരവായിരിക്കുന്നു. എക്സൈസ് കമ്മീഷണറുടെ ഓഫീസുകളിൽ ബന്ധപ്പെട്ടുകൊണ്ട് ഇത് വാങ്ങണമെന്നായിരുന്നു പരസ്യം. ഇത് വൻതോതിലുള്ള മദ്യദുരന്തത്തിന് ഇടയാക്കാൻ പോകുന്നു എന്നത് സംബന്ധിച്ച് മലയാള മനോരമ 2 ആഴ്ച മുമ്പ് വളരെ പ്രാധാന്യത്തോടുകൂടി റിപ്പോർട്ടു ചെയ്തു. കർണ്ണാടകത്തിൽ ഒരു ലിറ്റർ സ്പിരിറ്റിന്റെ വില 30 രൂപയാണ്. ഇവിടെ വില 130 രൂപയാണ്. ഈ 130 രൂപയുടെ സ്പിരിറ്റ് 10 രൂപക്ക് വിൽക്കുമെന്ന് കേൾക്കുമ്പോൾ ഇതെടുക്കാൻ വേണ്ടിയുള്ള പ്രവാഹമായിരിക്കും. ആ സ്പിരിറ്റിന്റെ ഗുണനിലവാരത്തെപ്പറ്റി ആർക്കും ഒരു തിട്ടവുമില്ല. ഏത് തരത്തിലുള്ള സ്പിരിറ്റാണ് എന്നതിനെ സംബന്ധിച്ച് പരിശോധിക്കാതെ വിതരണം ചെയ്താൽ ഇത് വൻതോതിൽ വ്യാജ ചാരായമായി മാറും. പഴകിയ സ്പിരിറ്റ് കൂടി ഇതിലുണ്ട് എന്നുള്ളതുകൊണ്ട് ഗുണനിലവാരം പരിശോധിക്കാതെ ഇത് മുഴുവനും വിൽക്കാൻ തുടങ്ങിയാൽ കേരളത്തിൽ വൻതോതിലുള്ള മദ്യദുരന്തമായിരിക്കും ഉണ്ടാകാൻ പോകുന്നത്. ഇത്തരത്തിലുള്ള ഒരു തീരുമാനം എന്തുകൊണ്ട് ഗവൺമെന്റ് എടുത്തു? ഇത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് ഗവൺമെന്റ് ഒരു തീരുമാനം കൈക്കൊള്ളണം.

LIBRARY ARCHIVES Kerala Legislative Assembly